# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

*നക്ഷത്ര ചിഹ്നമിട്ട*

*ചോദ്യം നമ്പർ : *176* — *14/08/2017 -ലെ മറുപടി*

## കോവളം മുതൽ വളപട്ടണം വരെയുള്ള ദേശീയ ജലപാതയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, കെ. മുരളീധരൻ<br>,, ഹൈബി ഈഡൻ<br>,, വി.ഡി. സതീശൻ | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |

എ. കോവളം മുതൽ വളപട്ടണംവരെയുള്ള ദേശീയ ജലപാതയുടെ വികസനത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

എ. 17/06/2017 -ാം തീയതിയിലെ GO (MS) No. 02/2017/CSIND ഉത്തരവു പ്രകാരം ഉൾനാടൻ ജലഗതാഗതപാതയുടെ സമയബന്ധിതമായ വികസനത്തിനായി ഒരു പബ്ലിക്ക് ലിമിറ്റഡ് കമ്പനിയെ SPV ആയി രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാന സർക്കാരിനും സിയാലിനും 49 % വീതം ഓഹരിയും ബാക്കി 2 % ഓഹരി കമ്പനിയ്ക്ക് തീരുമാനിക്കാവുന്ന വിധത്തിലുമാണ് പബ്ലിക്ക് ലിമിറ്റഡ് കമ്പനി രൂപീകരിക്കുക. മുഖ്യമന്ത്രി ചെയർമാനായുള്ള 12 അംഗ ഡയറക്ടർ ബോർഡിൽ സർക്കാരിനും കമ്പനിക്കും തുല്യ പ്രാതിനിധ്യമാണ് ഉണ്ടായിരിക്കുക. ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരമായിരിക്കും മാനേജിംഗ് ഡയറക്ടറുടെ നിയമനം നടത്തുക.

ബി. ദേശീയ ജലപാതയുടെ നിർമ്മാണത്തിനായി ഇതിനകം എത്ര തുക ചെലവഴിച്ചു ; ഇതുവരെ ദേശീയ ജലപാതയുടെ ഏതൊക്കെ ഭാഗങ്ങളാണ് പൂർത്തിയായിട്ടുള്ളത് ;

ബി. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്ററും 2016-ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം നീട്ടിയ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവുമാണ് ദേശീയജലപാത. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും

സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) യുടെ കീഴിലാണ് നടപ്പിലാക്കി വരുന്നത് എന്നതിനാൽ ചെലവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ ഭാഗം ഗതാഗതയോഗ്യമായിട്ടുണ്ട്.

**സി.** ജലപാത വികസനത്തിനായി ഇനി എത്ര സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വിശദീകരിക്കുമോ ?

**സി.** തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ മൂന്ന് പാലങ്ങളുടെ അപ്രോച്ച് റോഡുകളുടെ നിർമ്മാണത്തിനായി 0.4587 ഹെക്ടർ സ്ഥലവും, വടകര-മാഹി കനാൽ നിർമ്മാണത്തിനായി അധികമായി 34 ഹെക്ടർ സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. പുതുതായി നിർമ്മിക്കേണ്ട നാവിഗേഷൻ കനാലിന് (മാഹി-വളപട്ടണം) ഏകദേശം 348 ഹെക്ടർ സ്ഥലവും, നീലേശ്വരം - ബേക്കൽ ജലപാതയുടെ വികസനത്തിനായി ഏകദേശം 210 ഹെക്ടർ സ്ഥലവും ആവശ്യമാണ്. ടി ഭാഗങ്ങളിൽ ഡ്രോൺ ഉപയോഗിച്ചുള്ള ഏരിയൽ സർവ്വേ നടന്നുവരുന്നു. ബേക്കൽ മുതൽ കാസർഗോഡ് വരെയുള്ള ഭാഗത്തിന്റെ സാദ്ധ്യതാ പഠനവും നടന്നുവരുന്നു.

**സെക്ഷൻ ഓഫീസർ**